# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## മഹിളാ കിസാൻ ശാക്തീകരണ പരിയോജന

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 446 — 16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ. ജോർജ് എം. തോമസ്**<br>**ശ്രീ. പി.കെ. ശശി**<br>**ശ്രീ. യു. ആർ. പ്രദീപ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | കാർഷികമേഖലയിലേയ്ക്ക് സ്ത്രീകളെ ആകർഷിച്ച് അവരെ ശാക്തീകരിക്കാനുദ്ദേശിച്ച് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള മഹിളാ കിസാൻ ശാക്തീകരണ പരിയോജന പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള പദ്ധതികളും അവയ്ക്കായുള്ള തുകയും എത്രയെന്ന് അറിയിക്കാമോ; | (എ) | ഗ്രാമ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ ഉപ പദ്ധതിയായിട്ടാണ് മഹിള കിസാൻ സശാക്തീകരൺ പരിയോജന (എം.കെ. എസ്.പി) വിഭാവനം ചെയ്തിരിക്കുന്നത്. കൃഷിയിൽ സ്ത്രീ പ്രാധാന്യം ഉറപ്പ് വരുത്താനും കൂടുതൽ കാർഷിക തൊഴിലവസരം സൃഷ്ടിക്കാനും സുസ്ഥിര വികസനം ഉറപ്പ് വരുത്താനുമാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിൽ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ, ഗ്രാമവികസന വകുപ്പ് എന്നിവ മുഖേന 2 പ്രോജക്ടുകൾ നടത്തി വരുന്നു.<br>കുടുംബശ്രീ മുഖേന കേരളത്തിലെ എല്ലാ ജില്ലകളിലും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളിലൂടെ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി അടങ്കൽ തുക 79 കോടി രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം ഒന്നാം ഗഡു 9.03 കോടിയും രണ്ടാം ഗഡു 18.06 കോടിയും, സംസ്ഥാന വിഹിതമായി ആദ്യ ഗഡു 6.960 കോടി രൂപയുമാണ് ലഭ്യമായിട്ടുള്ളത്. 20.12 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിനു പുറമേ കുടുംബശ്രീ അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ടിന്റെ ഭാഗമായി അട്ടപ്പാടിയിൽ 3 പഞ്ചായത്തുകളിലായിഎം.കെ.എസ്.പി പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ആകെ പദ്ധതി തുകയായ 15 കോടിയിൽ കേന്ദ്രവിഹിതം ആയി ആദ്യ ഗഡുവായി പദ്ധതി തുകയുടെ 25% ലഭിച്ചിട്ടുണ്ട്.<br>ഗ്രാമവികസന വകുപ്പ് മുഖേന മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലാ പഞ്ചായത്തുകളുടെ കൺസോർഷ്യമായകോംപ്റ്റ്(Compt) നെൽകൃഷി പുനരുദ്ധാരണത്തിനായി 60.62 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ ഭാഗമായി, ഭൂരഹിതരും നാമമാത്ര ചെറുകിട കർഷകരുമായ സ്ത്രീകൾക്ക് എത്രമാത്രം പ്രയോജനം ലഭ്യമായിട്ടുണ്ട്; | (ബി) | കുടുംബശ്രീ എം.കെ.എസ്.പി. പദ്ധതി മുഖാന്തിരം കേരളത്തിൽ 30,000 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കാനും അതിലൂടെ ഒന്നര ലക്ഷത്തിലേറെ സ്ത്രീകളെ സുസ്ഥിര കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഭാഗമായി 65,601 സംഘകൃഷി ഗ്രൂപ്പുകളിലായി 2,88,005/- അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 600 മാസ്റ്റർ ഫാർമർ അഥവാ ജീവ ഏജന്റുമാരെ പരിശീലിപ്പിക്കുകയും അവർ ഫീൽഡിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിച്ചും വരുന്നു. കൂടാതെ 3000 മാസ്റ്റർ കർഷകർ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുമുണ്ട്. ഇവരെല്ലാവരും കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളാണ്. ഗ്രാമവികസന വകുപ്പ് മുഖേന യന്ത്ര വൽകൃത നെൽകൃഷിയിലൂടെ നെൽകൃഷി പുനരുദ്ധാ രണമെന്ന ലക്ഷ്യത്തോടെ 4357 സ്ത്രീകൾക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | മണ്ണ്-ജല സംരക്ഷണത്തിനും ജൈവ വൈവിദ്ധ്യ പ്രോത്സാഹനത്തിനുമായി ഏതുതരത്തിലുള്ള പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്; ഇവ എത്രമാത്രം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ? | (സി) | കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പാട്ടകൃഷിയാണ് എം.കെ.എസ്.പി. പദ്ധതിയിലൂടെ കുടുംബശ്രീ പ്രോത്സാഹിപ്പിച്ച് വരുന്നത്. നിലവിൽ 51,112.76 ഹെക്ടറിൽ കൃഷി ചെയ്തുവരുന്നു. ഇതിൽ ഭൂരിഭാഗം പ്രദേശവും തരിശു ഭൂമിയോ കൃഷി ചെയ്യാ ത്തതോ ആയ പ്രദേശങ്ങളാണ്. ഇതിനു പുറമേ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി എം.കെ.എസ്.പി പദ്ധതിയിലൂടെ 7287 ജലസ്രോത സ്സുകൾ ശുദ്ധീകരിക്കുകയും 6938 ഏക്കർ തരിശു സ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് മുഖേന മണ്ണ്-ജല സംരക്ഷണ പ്രവർത്തനത്തിന് ഊന്നൽ നൽകിക്കൊണ്ട് പാടശേഖരങ്ങൾ തരിശ്ശിടാതെ ഉപയുക്തമാക്കുന്നതിന് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന കോംപ്റ്റ് വിഭാവനം ചെയ്യുന്നു. ജൈവ വൈവിദ്ധ്യ പ്രോത്സാഹനത്തിനായി ജൈവരാസ രഹിത കൃഷി രീതികൾ പ്രാവർത്തികമാക്കുന്നതിനായി ബയോ ആർമി എന്ന ഘടക പദ്ധതിയും എം.കെ.എസ്.പി.യിൽ നടപ്പാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**